


# ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ആലംപാടി

ലിറ്റിൽ കൈറ്റ്സ് 2018-19

# ഉൾത്താളുകളിൽ..............

അച്ഛൻ തീർത്ത സ്വർഗം ..........................................5
ചിരിക്കുന്ന കണ്ണാടി ചിരിക്കാത്ത കണ്ണാടി...................... 7
നക്ഷത്രത്തോട്.........................................................8
സി.വി രാമൻ..........................................................9
ബുദ്ധിമാനായ ആട്...................................................11
ജനി മൃതി...............................................................13
കണക്കിലെ രാജകുമാരൻ........................................15
കുടുംബത്തിന്റെ വിളക്ക് അണഞ്ഞു പോയിട്ടും കാലം.....16
പ്രകൃതി..................................................................20
ഒത്തു പിടിച്ചാൽ മലയും പോരും...............................21
കുസൃതിക്കണക്കുകൾ............................................22
തടവറ...................................................................23
സന്തുഷ്ട കുടുംബം.................................................25
ഒരു സ്നേഹ യാത്ര.........................................28
ഉണ്ടനും ഉണ്ടിയും.................................................32
വിദ്യാലയം.............................................................35
ദുർമന്ത്രവാദിനിയുടെ വീട്..........................................36
ഗണിത പഠനം രസകരമാക്കാം..................................41
എന്റെ കുടുംബം.....................................................43
മാതാപിതാ..............................................................45
ആഘോഷങ്ങളിലൂടെ.................................................49

# അണിയറയിൽ...........

നിസാമുദ്ദീൻ

അബ്ദുല്ലാഹ്

മുഹമ്മദ് റിഫായി

അഹ്മദ് അദ്നാൻ

അഹ്മദ് കബീർ റിഫായി

അബ്ദുൽ റഹിമാൻ മിഷർ

ഫാത്തിമത്ത് അസ്ന നസ്റീൻ

ഫാത്തിമത്ത് നാഫിയ

കദീജത്ത് ഫർസാന

സുൽഫ എ എം

# ആമുഖം

വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് വലിയൊരു കുതിച്ചു ചാട്ടം നടക്കുന്ന കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. കാലത്തിനൊപ്പം മുന്നേറാൻ, പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ ഐ ടി അധിഷ്ഠിത വിദ്യാഭ്യാസം നമ്മുടെ സംസ്ഥാനം യാഥാർത്ഥ്യമാക്കിയിരിക്കുന്നു.

പേപ്പറും അച്ചടിയും ആധാരമാക്കിയ വിവരവിനിമയ സംവിധാനത്തിന്റെ കാല- ദൂര - അളവ് പരിമിതികൾ ഇന്ന് മറികടന്നിരിക്കുന്നു. ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ആഗോള വിവര ശൃംഖലയിലൂടെയാണ് ഇത് സാധ്യമായത്. ഉല്പാദനവും വിതരണവും വിനിമയവും ഉല്ലാസമാധ്യമങ്ങളും വിജ്ഞാനത്തിന്റെ അനന്ത സാധ്യതകളുമെല്ലാം ഈ ശൃംഖലയിൽ കോർത്തിണക്കിയിരിക്കുന്നു.

ഇവിടെയാണ് 'മലർവാടി' എന്ന ഡിജിറ്റൽ മാഗസിന്റെ പ്രസക്തി. കുട്ടികൾ തങ്ങളുടെ സർഗ്ഗാത്മക കഴിവുകൾ ആധുനിക സാങ്കേതിക വിദ്യയിലൂടെ പ്രകടമാക്കുക എന്നത് ഏറ്റവും പ്രസക്തമായ കാര്യമാണ്. ആധുനിക സാങ്കേതിക വിദ്യയുടെ ഫലങ്ങൾ മാത്രം ആസ്വദിക്കുക , എന്ന തലത്തിൽ നിന്നുയർന്ന് സാങ്കേതിക വിദ്യകളുടെ തലപ്പത്തെത്താൻ നമ്മുടെ വിദ്യാർത്ഥി സമൂഹത്തിനാവട്ടെ എന്നു പ്രത്യാശിച്ചു കൊണ്ട് ..........

എഡിറ്റർ
ജ്യോതി ജോസഫ്

# സന്ദേശം

അതിനൂതന സാങ്കേതിക വിപ്ലവ യുഗത്തിൽ, ലോകം ഒരു വിരൽത്തുമ്പിൽ ഒതുങ്ങുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാർഥി സമൂഹവും അതിന്റെ അനന്തവിഹായസ്സിലേക്ക് പറക്കാൻ പഠിക്കേണ്ടതുണ്ട്. സാങ്കേതിക പഠനത്തിന്റെ സാധ്യതകൾ ഓരോ കുട്ടിക്കും പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെയാണ് ലിറ്റിൽകൈറ്റ്സ് ഐടി ക്ലബ്, നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തനമാരംഭിച്ചത്. അവർക്ക് കിട്ടിയ അവസരം ശരിയായ വിധത്തിൽ പ്രയോജനപ്രദമാക്കാൻ കുട്ടികളും അധ്യാപകരും പ്രയത്നിച്ചിട്ടുണ്ട് എന്നതിൽ ഞാൻ ചാരിതാർത്ഥ്യം കൊള്ളുന്നു.ഈ കൂട്ടായ്മയുടെ പ്രസിദ്ധീകരണമായ 'മലർവാടി മാഗസിൻ' സ്കൂളിന്റെ മികവാർന്ന പ്രവർത്തനങ്ങളിൽ ഒരു പൊൻതൂവൽ കൂടി ചാർത്തുന്നുവെന്നതിൽ അഭിമാനമുണ്ട്

ജി.എച്ച്.എസ്. എസ് ആലംപാടിയിലെ നറുമണം പൊഴിക്കുന്ന മലരുകളുടെ ഭാവനാസൃഷ്ടികൾ ഉൾകൊള്ളിച്ച് പ്രസിദ്ധീകരിക്കുന്ന 'മലർവാടി'ക്ക് എല്ലാവിധ ആശംസകളും നേരുന്നു. അതിന്റെ അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

മുഹമ്മദ്കുഞ്ഞി കെ സി(ഹെഡ്മാസ്റ്റർ)
എചീഫ്ഡിറ്റർ

# അച്ഛൻ തീർത്ത സ്വർഗം

എങ്ങും നിശബ്ദത. വിജനമായ പ്രദേശംപോലെ വീട് തികച്ചും ഒറ്റപ്പെട്ട് നിൽക്കുകയാണ്.ആകാശത്തിലൂടെ പറക്കുന്ന പക്ഷികൾക്ക് പോലും നൊമ്പരങ്ങൾ തളം കെട്ടിനിൽക്കുന്നതുപോലെ. അവ എന്തിനോ വേണ്ടി ആർക്കെന്നില്ലാതെ പറന്നകലുകയാണ്. വീടിൻറ മുൻവശം പതിയെ ചാരി വെച്ചിരിക്കുകയാണ്.കട്ടിലിൽ അമ്മ.. അമ്മ എന്തോ വിചാരിച്ച് ആത്മാവില്ലാത്ത ശരീരം പോലെ ഇരിക്കുകയാണ്. അമ്മേ.... അകത്തു നിന്നൊരു വിളി.പ്രതികരണമില്ല.ലച്ചു അകത്തു നിന്നുവന്ന് അമ്മയെ തട്ടി വിളിച്ചു. അമ്മേ ദേ വടക്കേതിലെ നന്ദുവേട്ടൻ വന്നിരിക്കുന്നു. ഹാ.......... ഒരു മൂളൽ മാത്രമായിരുന്നു. അമ്മ പതിയെ നടന്നു പോയി.

പഴയ ആ ചിരി അവിടെനിന്ന് മാഞ്ഞു പോയിരിക്കുന്നു. സംസാരിക്കാൻ പിശുക്കുള്ളത് പോലെ അമ്മയെന്താ എന്നോടൊന്നും മിണ്ടാത്തേ? എന്നെ മനസ്സിലായോ?"ആരെയും മറന്നിട്ടില്ല മോനേ,എവിടെയും അദ്ദേഹത്തിന്റെ സാന്നിധ്യം ഉള്ളതു പോലെയാ " അമ്മ പറഞ്ഞു. അമ്മ ഇപ്പോൾ ഇങ്ങനെയാണ്. ഒന്നിനും ഒരു താൽപര്യമില്ലായ്മ. സംസാരിക്കാൻ ആളെക്കിട്ടിയാൽ പിടിവിടാത്ത പ്രകൃതമായിരുന്നു.എന്നാൽ അച്ഛന്റെ മരണം അമ്മയെ വല്ലാതെ തളർത്തിയിരിക്കുകയാണ്.

അച്ഛന്റെ സാന്നിധ്യത്തിൽ അമ്മ വളരെ സന്തോഷവതിയായിരുന്നുവെന്ന് ഇപ്പോഴാണ് ഞാൻ അറിയുന്നത്. വീട്ടിൽ എന്ത് സന്തോഷമായിരുന്നു.ഞങ്ങൾ മക്കൾക്ക് ഓരോ ആവശ്യങ്ങൾ. അച്ഛനേയും കൂട്ടി പാടം മുഴുവൻ നടന്നലയും.അച്ഛൻ പാടത്ത് ജോലി ചെയ്യുമ്പോൾ കൂടെ ഞങ്ങളും പോകും. ഞങ്ങൾ എന്നും അച്ഛന് തലവേദനയായിരുന്നു. അമ്മയുടെ കൂടെ വീട്ടുജോലിക്ക് സഹായിക്കാതെ അച്ഛന്റെ കൂടെ കളിച്ചു നടക്കും.അമ്മയ്ക്കെന്നും പരാതിയാണ്.അച്ഛൻ അതൊക്കെ ഒരു പുഞ്ചിരിയിൽ ഒതുക്കിക്കളയും.അപ്പോഴായിരിക്കും അമ്മ അച്ഛനെ കുറ്റപ്പെടുത്തുക.



ചൂടു കാപ്പി പകർന്നു കൊണ്ട് വൈകുന്നേരങ്ങളിൽ സ്നേഹവാക്കുകളാലും സന്തോഷത്തിന്റെ നിറപ്പകിട്ടാലും എന്നും സമൃദ്ധമായിരുന്നു ഞങ്ങളുടെ കുടുംബം. ഏതു പ്രതിസന്ധിഘട്ടങ്ങളെയും ചിരിച്ചു കൊണ്ട് നേരിടുന്നതായിരുന്നു അച്ഛന്റെ പതിവ് . ഞങ്ങളുടെ വീട് അച്ഛൻ തീർത്ത സ്വർഗ്ഗമായിരുന്നു. ഇതൊക്കെ പറയുമ്പോൾ അമ്മയുടെ കണ്ണ് നിറയുന്നുണ്ടായിരുന്നു.

ഫാത്തിമത്ത് മുഫീദ, X A

# ചിരിക്കുന്ന കണ്ണാടി ചിരിക്കാത്ത കണ്ണാടി

ഒരിടത്ത് ഒരു വീട്ടിൽ ഒരു കൊച്ചു പയ്യനുണ്ടായിരുന്നു. അവന്റെ പേര് മനു എന്നായിരുന്നു. അവന് വൃത്തിയേ ഉണ്ടായിരുന്നില്ല. അവൻ പല്ലുതേക്കാതെയും കുളിക്കാതെയും മുഖം കഴുകാതെയുമാണ് സ്ക്കൂളിൽ പോയിരുന്നത്. ഒരു ദിവസം അവൻ സ്ക്കൂളിലേക്ക് പോകുമ്പോൾ കണ്ണാടിയിൽ നോക്കി. കണ്ണാടി കരയുന്നതായി അവൻ കണ്ടു. അവൻ കണ്ണാടിയോട് ചോദിച്ചു. "എന്തിനാണ് കരയുന്നത് "കണ്ണാടി പറഞ്ഞു : "വൃത്തിയും വെടിപ്പുമില്ലാത്ത നീ എന്തിനാണ് എന്നെ നോക്കുന്നത് ". അതു കേട്ട മനുവിന് സങ്കടമായി. അവൻ വീട്ടിലേയ്ക്ക് ഓടിപ്പോയി. പിറ്റേ ദിവസം അവൻ വൃത്തിയായി പല്ലുതേച്ചും കുളിച്ചും മുഖം കഴുകിയും സ്ക്കൂളിലേയ്ക്ക് പോയി. കണ്ണാടിയെ നോക്കി. കണ്ണാടി പുഞ്ചിരിച്ചു. "നീ എന്തിനാണ് ചിരിയ്ക്കുന്നത്? ". മനു ചോദിച്ചു. "നീ നല്ല വൃത്തിയായി വന്നു. അതു കൊണ്ടാണ് ഞാൻ ചിരിയ്ക്കുന്നത് ". പിന്നെ അവൻ ഒരിയ്ക്കലും കുളിയ്ക്കാതെ സ്ക്കൂളിൽ പോയില്ല. എല്ലാവർക്കും അവനെ ഒത്തിരി ഇഷ്ടമായി .



ഫാത്തിമ എം. എസ്
VII B

# നക്ഷത്രത്തോട്

നക്ഷത്രമേ നീ എത്ര സുന്ദരം

ആകാശമാകുന്ന നീലപുതപ്പിൽ

നീ വിശ്രമം കൊള്ളുന്നു.

നക്ഷത്രമേ നീ എത്ര മോഹിതം

മണ്ണിലും വിണ്ണിലും പ്രകാശം

പരത്തുന്ന നിൻ വെള്ളി വെളിച്ചം

നിദ്രയുടെ യാമങ്ങളിൽ

മിന്നി മിന്നി ളുകുന്ന

നിൻ പാൽ പുഞ്ചിരി എത്ര സുന്ദരം



ബദറുന്നീസ എം.എ.

VIII C

# സി വി രാമൻ

പണമുള്ളവനല്ല, വിദ്യാഭ്യാസമുള്ളവനാണ് സമ്പന്നൻ. സി വി രാമന്റെ മാതാപിതാക്കളുടെ ജീവിതദർശനം ഇതായിരുന്നു.1888 നവംബർ 7 ന്



തമിഴ് നാട്ടിലെ തിരുവണൈക്കാവ് ഗ്രാമത്തിൽ ചന്ദ്രശേഖര വെങ്കിട്ട രാമൻ എന്ന സി വി രാമൻ ജനിച്ചു.പിതാവ് അധ്യാപകനായ ചന്ദ്രശേഖര അയ്യർ മാതാവ് പാർവതി അമ്മാൾ. ലോക സുന്ദരി എന്നായിരുന്നു അദ്ദേഹത്തിന്റെ ഭാര്യയുടെ പേര്.


ആറാം ക്ലാസിലെത്തേണ്ട പ്രായത്തിലാണ് സി വി രാമൻ മെട്രിക്കുലേഷൻ ഉയർന്ന മാർക്കോടെ വിജയിച്ചത് രാമന്റെ അപൂർവ പ്രതിഭ തിരിച്ചറിഞ്ഞ അധ്യാപകർ അന്നത്തെ രീതിയനുസരിച്ച് സ്കൂൾ പഠനകാലത്ത് മൂന്ന് ഡബിൾ പ്രമോഷനുകൾ നൽകിയതിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്.


1928 ഫെബ്രുവരി 28 നാണ് രാമൻപ്രഭാവം എന്ന ശാസ്ത്രപതിഭാസം കണ്ടെത്തിയത് . ഇതിൻ സ്മരണാർഥം NCSTC യുടെ അഭ്യർഥന പ്രകാരം FEB-28 ദേശിയ ശാസ്ത്രദിനമായി ആചരിച്ചുവരുന്നു. രാമൻപ്രഭവം എന്ന മഹത്തായ കണ്ടെത്തലിന് 1930 ൽ നോബേൽ സമ്മാനം ലഭിച്ചു.അങ്ങനെ ഭൗതിക ശാസ്ത്രത്തിൽ നോബേൽ സമ്മാനം നേടുന്ന പ്രഥമ ഇന്ത്യക്കാരനും ഏഷ്യക്കാരനും എന്ന ബഹുമതി അദ്ദേഹം നേടി.



ആയിഷത്ത് മുനവ്വിറ എം എ, X B


റഹീസ്


ഫാത്തിമത്ത് ഷംന


Abdulla
അബ്ദുള്ള


റഹ്മത്ത്

# ബുദ്ധിമാനായ ആട്

ഒരു വലിയ കുറ്റിക്കാട്ടിൽ നിറയെ ആട്ടുകൾ താമസിച്ചിരുന്നു. ധാരാളം പച്ചപ്പുല്ലുകളുള്ള ആ കാട്ടിൽ ആട്ടുകൾ മാത്രമായിരുന്നു



താമസിച്ചിരുന്നത്. അവിടെയുള്ള ആട്ടുകൾ മുഴുവനും വലിയ സുഹൃത്തുക്കൾ ആയിരുന്നു. ആട്ടുകളുടെ കഥ കേട്ട് മറ്റൊരു കാട്ടിൽ നിന്ന് ഒരു കുറുക്കനും ഭാര്യയും പമ്മി പതുങ്ങി അവിടെ എത്തി. ആട്ടുകളെ കണ്ടപ്പോൾ തന്നെ അവരുടെ വായിൽ നിന്ന് വെള്ളമൂറാൻ തുടങ്ങി. അവർ രണ്ടുപേരും ആട്ടുകൾ അവയുടെ ഗുഹയിലേയ്ക്ക് പോകുന്ന വഴിയിലുള്ള പുല്ലിനടിയിൽ ഒളിച്ചിരുന്നു.

എന്നാൽ ആട്ടുകളുടെ നേതാവ് വളരെ ബുദ്ധിമാനായിരുന്നു. അപകടം മനസ്സിലാക്കിയ നേതാവ് എല്ലാ ആട്ടുകളെയും കൂട്ടി മറ്റൊരു വഴിയിലൂടെ പോയി ഒരു ഗുഹയിൽ ഒത്തുകൂടി.



നേതാവിന്റെ നിർദ്ദേശാനുസരണം അവർ ഗുഹയിൽ കയറി പായസം ഉണ്ടാക്കാൻ തുടങ്ങി. പായസത്തിന്റെ മണം പിടിച്ച്

കുറുക്കനും ഭാര്യയും ആടുകൾ ഒളിച്ചിരുന്ന ഗുഹയുടെ അടുത്ത് എത്തി.

കുറുക്കനും ഭാര്യയും ഉള്ളിൽ നിന്നുള്ള സംസാരം ശ്രദ്ധിച്ചു. "പായസം റെഡിയായോ? നമ്മുടെ ചെന്നായ് സുഹൃത്തുക്കൾ എത്താറായി. ഇരുപതു പേരുണ്ടാകുമെന്നാ പറഞ്ഞത്." ഇതുകേട്ടതും കുറുക്കനും ഭാര്യയും ജീവനും കൊണ്ടോടി.

ഫാത്തിമത്ത് ഷംറീന മഫ്റീൻ

VII B

# ജനി മൃതി

ഞാനിവിടെയിരുന്ന്

മുറിവേറ്റ ചിന്തകൾ കൊണ്ട്

ഇരുട്ടിന്റെ അഗാധതയിൽ

അർത്ഥങ്ങൾ കണ്ടെത്തുമ്പോൾ

ലോകം നിദ്രയിലാണ്ടു.



കുതിച്ചു പായുന്ന ജലത്തിനു മീതെ

ശബ്ദമില്ലാത്ത നിലവിളികളുമായി

ഒരു നാട്.

കവിതയുടെ അടുപ്പിൽ

കനവു വേവുമ്പോൾ

മണ്ണിനടിയിലെ അവസാന വിളികൾ

മരവിച്ച ഏകാന്തതകൾ

മഴയുടെ കണ്ണുനീർ കടം വാങ്ങിയതോ

ഒഴുകുമ്പോൾ വീഥികളില്ലാത്ത

മുറിവേറ്റ കാലത്തിന്റെ

തണുത്ത പ്രതികാരങ്ങൾ



താണ്ഡവമാടിയതോ ?

ഇനിയും മരിക്കാത്ത ഓർമകളുമായി

സൂര്യൻ മുട്ടി വിളിക്കുമ്പോൾ

ദൂരെ പല്ലിളിക്കുന്ന കോമരങ്ങൾ

ഒഴിഞ്ഞ കടലാസിൽ

പുതിയൊരാകാശം

പിന്നെയും ജൽപനങ്ങൾ മാത്രം...

-ഷീജ ജോഷി


എച്ച്. എസ്. എ മലയാളം

# കണക്കിന്റെ രാജകുമാരൻ

എഴുതാനും വായിക്കാനും പഠിക്കും മുമ്പ്, ആരും പഠിപ്പിക്കാതെ തന്നെ കണക്കു കൂട്ടിത്തുടങ്ങിയ ബാലനായിരുന്നു, "കാൾ ഫ്രെഡറിക് ഗൗസ്" , ഒന്നു മുതൽ നൂറ് വരെയുള്ള സംഖ്യകളുടെ തുക കൂട്ടിയെഴുതാൻ



കൊടുത്ത് 'വികൃതി' യായ ഗൗസിനെ അടക്കിയിരുത്താൻ ശ്രമിച്ച അധ്യാപകനെ ഞെട്ടിച്ചു കൊണ്ട് സെക്കന്റുകൾക്കുള്ളിൽ അവൻ ശരിയായ ഉത്തരം കണ്ടെത്തി.



1801 ൽ തന്റെ 24-ാം വയസ്സിൽ ഗൗസ് സംഖ്യാശാസ്ത്രത്തെക്കുറിച്ചുള്ള അതി പ്രധാന ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. ഗണിത ശാസ്ത്ര ചരിത്രത്തിൽ ഇതിനോട് കട പിടിക്കുന്ന ഒരു പുസ്തകവും ഉണ്ടായിട്ടില്ലത്രേ.

അഹമദ് അദ്നാൻ

IX.C

# 'കുടുംബത്തിന്റെ വിളക്ക് അണഞ്ഞു പോയിട്ടും കാലം'

നേരം ഇരുട്ടിയിരുന്നു. കാർമേഘങ്ങൾ ആകാശത്തിലെ നക്ഷത്രങ്ങളെയും അമ്പിളിയെയും കറുപ്പിച്ചിരുന്നു. ഏതു നിമിഷവും കരയാൻ നിൽക്കുന്ന ആകാശം. രാത്രിയുടെ കൂരിരുട്ടിൽ തനിച്ചായിരുന്നു മീനു.മറവിൽ നിന്നുള്ള മൃഗങ്ങളുടെ ശബ്ദം മീനുവിനെ പേടിപ്പിച്ചിരിക്കുകയാണ്. മഴ ആർത്തിരമ്പി. വലിയ ശബ്ദത്തോടെ ഇടി മുട്ടിയപ്പോൾ ഇരുന്ന കസേരയിൽ നിന്ന് എഴുന്നേറ്റ് കട്ടിലിനടിയിലേക്ക് മീനു കരഞ്ഞു കൊണ്ടോടി. ആശ്വാസമോ താങ്ങോ തണലോ ഇല്ലാതെ മീനു അനാഥയായിരിക്കുകയാണ്.



സ്വർഗമായിരുന്ന തന്റെ കുഞ്ഞു കൂട്ടു കുടുംബത്തിലേക്ക് മീനു അറിയാതെ വഴുതി വീണുകയാണ്. അച്ഛൻ, അമ്മ, മുത്തച്ഛൻ, മുത്തശ്ശി....,പിന്നെ മീനുവും അവളുടെ കുഞ്ഞു പൂച്ചക്കുട്ടിയായ ചിന്നു. സ്നേഹിക്കാനും സ്നേഹം പകരാനും മാത്രമായിരുന്നു മീനുവിന്റെ കുടുംബം ശ്രദ്ധിച്ചിരുന്നത്. സ്വർഗമായിരുന്ന തന്റെ വീട്ടിലേക്ക് നരകമായിരുന്ന മരണം ചെല്ലുകയാണ്. തടഞ്ഞു നിർത്താൻ കഴിയാതെ വിധിയെ സമീപിക്കുകയാണ്.

സന്തോഷത്തോടെയുള്ള മീനുവിന്റെ ജീവിതം പലർക്കും

ഇഷ്ടമല്ലായിരുന്നു. ദൈവ സ്നേഹം തുളുമ്പി നിന്നിരുന്ന വീടിനെ ആർക്കും തോൽപ്പിക്കാൻ സാധിക്കില്ലായിരുന്നു. പഠനത്തിലും മികവുറ്റ വിജയം കൈവരിക്കാൻ അതിനാൽ മീനുവിന് സാധിച്ചിരുന്നു. ദിവസം കഴിയും തോറും അവരുടെ സന്തോഷം കൂടി വരികയായിരുന്നു.

അപ്രതീക്ഷിതമായ ഒരു സംഭവം കണ്ട് നടുങ്ങുകയായിരുന്നു മീനു. തന്റെ അച്ഛൻ മീനുവിനെയും അവളുടെ അമ്മയെയും ചതിക്കുകയായിരുന്നു. അച്ഛന് വേറെയൊരു ബന്ധമുണ്ടായിരുന്നു. അമ്മ ഇതിന്റെ പേരിൽ വഴക്കിട്ടപ്പോൾ അച്ഛൻ അവരെ ഉപേക്ഷിച്ചു അവരുടെ കൂടെ പോയി. ഇത് കാണാൻ കഴിയാതെ വേദനയും സങ്കടവും ഉള്ളിലൊതുക്കി കഴിഞ്ഞ അമ്മ നാണക്കേടു കാരണം ആത്മഹത്യ ചെയ്തു. വൃദ്ധരായ മാതാപിതാക്കൾക്ക് മീനുവിനെ നോക്കാൻ കഴിയാതായി. സങ്കടങ്ങൾ പേറിക്കൊണ്ട് വൃദ്ധരായ മാതാപിതാക്കൾ മരണമടഞ്ഞു.

ആദ്യമൊക്കെ മീനുവിനെ നോക്കാൻ കുടുംബാംഗങ്ങളുണ്ടായിരുന്നെങ്കിലും പിന്നീട് അവളുടെ പഠനത്തിനാവശ്യമായ സാധനങ്ങളും സാഹചര്യങ്ങളും ഒരുക്കാൻ ആരും തയ്യാറായില്ല. അതു കൊണ്ട് മീനു പഠനം നിർത്തി. അയൽവാസികളുടെ സ്നേഹം കൊണ്ട് മാത്രം അവൾക്ക് ഭക്ഷണം നൽകും.

പെട്ടെന്നാണ് അവൾ ആ ഓർമ്മകളിൽ നിന്ന് ഉണർന്നത്. കട്ടിലിനടിയിൽ കിടന്ന അവൾ എഴുന്നേൽക്കാൻ ഭാവിച്ചപ്പോൾ വീണ്ടും

ശക്തമായ ഇടിനാദങ്ങൾ, മീനു മനസ്സിലാക്കി തന്റെ ഹൃദയമാണ് ഇവിടെ ഓർമ്മകൾ കൊണ്ട് നീറി വിങ്ങി ഇടിച്ചതെന്ന്. പേടിപ്പെടുത്തലുകളിൽ നിന്ന് മാറാനാകാതെ അച്ഛന്റെ വരവിനെ കാത്തിരിക്കുകയാണ് അവൾ. തന്റെ അച്ഛൻ തന്നെ കൊണ്ടു പോകുമല്ലോ എന്നോർത്ത്.

പഴയകാല കുടുംബം ഒരു സ്വർഗമായിരുന്നെങ്കിൽ, ഇന്ന് മീനു അനാഥപ്പെണ്ണായി ജീവിതം ജീവിച്ചു തീർക്കുകയാണ്. കുടുംബം അത് ഒരു സന്തോഷം തന്നെയാണ്. മീനു ഓർമ്മകളിലൂടെ മനസ്സിലാക്കുകയാണ്.

ഷിംന പി.ജെ

X A



സൽമാൻ ഫാരിസ്




ഫാത്തിമത്ത് ഷംസീന



നഹറ

# പ്രകൃതി



കാടെവിടെ മക്കളെ പുഴയെവിടെ മക്കളെ

കുളവും കുന്നും മലയുമെവിടെ മക്കളെ

കളകളം പാടി ഒഴുകും പുഴകളും

മധുരമായ് പാടി ഒഴുകുമരുവിയും

എവിടെ പോയ് മറഞ്ഞു.

പ്രണയിച്ചിരുന്ന ഞാൻ ഈ ഗ്രാമഭംഗി

എന്നാലിന്ന മലയില്ല പുഴയില്ല

കാടില്ല കുളമില്ല

പാടവും അരുവിയുമില്ല.

തൈമരത്തിൽ തളിർത്ത കൊമ്പ്

മുറിച്ച കളയുന്ന മനുഷ്യരിന്ന്

ശ്വാസം നിലക്കാറായ്

ഭൂമിയിന്നൊരു മാലിന്യക്കൂമ്പാരം



അൽക്ക V B



മണ്ണിലെ ജീവ ഗണങ്ങളെല്ലാം

പ്ലാസ്റ്റിക് കൂമ്പാരത്തിനുള്ളിലിന്ന്

കാടെവിടെ മക്കളെ പുഴയെവിടെ മക്കളെ

# ഒത്തു  പിടിച്ചാൽ മലയും പോരും

ഒരു മുതലയും ഒരു അണ്ണാനും വലിയ കൂട്ടുകാരായി കാട്ടിൽ കഴിഞ്ഞു . അവരിൽ ആരാണ് കൂടുതൽ ബുദ്ധിമാൻ എന്നൊരു തർക്കം അവർക്കിടയിൽ ഉണ്ടായി. ബുദ്ധിമാൻ എന്ന് പേര് കേട്ട കുറുക്കന്റെ അടുത്തേക്ക് അവർ രണ്ടു പേരും ചെന്നു. എന്നിട്ട് അവർ പറഞ്ഞു ഞങ്ങളിൽ ആരാണ് ഏറ്റവും ബുദ്ധിമാൻ ? കുറുക്കൻ പറഞ്ഞു കുളത്തിനക്കരെയുള്ള മരത്തിലെ തേനീച്ചക്കൂട് ആരാണ് ആദ്യം എടുക്കുന്നതെന്ന് നോക്കാം . അണ്ണാൻ നീന്താൻ അറിയാത്തതിനാൽ മുതലയുടെ പുറത്ത് കയറി ഇരുന്നു. പുഴയുടെ അക്കരെ എത്തി.മരത്തിന് മുകളിൽ തേനിച്ചക്കൂട്             കണ്ട മുതല തനിക്ക് മരത്തിൽ കയറാൻ ആവില്ലെന്നായി. വിഷമിക്കേണ്ട എന്ന് പറഞ്ഞ് അണ്ണാൻ മരത്തിൽ കയറാൻ ഒരുങ്ങി. ഞാൻ മരത്തിൽ കയറുമ്പോൾ മരത്തിനടിയിൽ തീ കത്തിക്കണമെന്നും അപ്പോൾ തേനിച്ചകൾ ഇവിടം വിട്ട് പോകുമെന്നും അപ്പോൾ ആ തേനിച്ചക്കൂട് എടുക്കാൻ പറ്റുമെന്നും അണ്ണാൻ പറഞ്ഞു. മുതല അത് ചെയ്തു. അങ്ങനെ അവർ ആ തേനിച്ചക്കൂട് കുറുക്കന് കൊടുത്തു.

ഈ കഥ  പറയുന്നത് "ഒന്നിച്ച് നിന്നാൽ എന്തും നേടാം"

ആയിഷത്ത് സിയാന VII B

# കുസൃതിക്കണക്കുകൾ

1. അഞ്ച് 1 കൾ ഉപയോഗിച്ച് 100 ഉണ്ടാക്കുന്നതെങ്ങനെ?

2.ഒരു സിനിമാ തിയേറ്ററിലെ ടിക്കറ്റ് കൗണ്ടറിനു മുന്നിൽ ഒരു നീണ്ട ക്യൂ. രണ്ടറ്റത്തു നിന്ന് എണ്ണിയപ്പോഴും കുമാരൻ മുപ്പതാമത്തെ ആളാണ്. എങ്കിൽ ആ ക്യൂവിൽ എത്ര പേർ ഉണ്ടായിരുന്നു?

3.ചോദ്യം ലളിതം, ഉത്തരം അതിനെക്കാളും ലളിതം. ഏതു രണ്ടു പൂർണ്ണ സംഖ്യകൾ തമ്മിൽ ഗുണിച്ചാലാണ് 7 കിട്ടുക?

4.താഴെ ഇട്ടിരിക്കുന്നത് ഒരു വലിയ ഒന്നാണ്. അതിന്റെ വലുപ്പം ഒട്ടും കുറയ്ക്കാതെ അതിനെ ചെറുതാക്കാൻ കഴിയുമോ?

## <u>ഉത്തരങ്ങൾ</u>

1. 111-11=100
2. 59
3. 1x7=7
4. കഴിയും, വലിയ ഒന്നിന്റെ തൊട്ടടുത്ത് അതിനെക്കാൾ വലിയ ഒന്നിട്ടാൽ മതി.

' 1 1'

മിഷർ IX.A

# തടവറ

താരാട്ടു പാട്ടിന്റെ ഈണത്തിൽ-

തൊട്ടിലിൽ മയങ്ങുന്ന 'ശിശു'

തന്റെ തഴമ്പിൻ കൈകൾ കൊണ്ടവനെ-

തൊട്ട് തലോടുവാൻ....

കളി തമാശകളും കൊഞ്ചലുകളും

കുറുമ്പുകളും കുസൃതികളും-

കണ്ടു രസിക്കാൻ....

മുറ്റത്തവൻ ഓടിക്കളിക്കവെ,

മാങ്കൊമ്പിലവൻ ഊഞ്ഞാലാടവെ,

മാനത്ത് നോക്കി കളി പറയവെ,

മനസ്സറിഞ്ഞവനെ സ്നേഹിക്കാൻ

വെമ്പൽ കൊള്ളുന്ന അയാളുടെ ഹൃദയം!!!

വാപ്പാ എന്നു വിളിച്ചു കൊണ്ടവൻ

വീട്ടിൽ ഓടി നടക്കുന്നു.

വായ പൊത്തി ഓടുന്ന അവനിലേക്ക്-

വാത്സല്യത്തിന്റെ വിത്തുകൾ വിതറുന്ന-

മാതാവ്; അയാളുടെ പ്രിയതമ.

പെട്ടെന്നയാൾ ഞെട്ടിയുണർന്നു.

പിടയുന്ന തന്റെ ഹൃദയത്തിലേക്കും....

നിസാമുദ്ദീൻ പി. എ

IX. C

# സന്തുഷ്ട കുടുംബം

ഒരു മഴക്കാലം. അവൾ വീടിനു മുൻപിൽ ഉമ്മറത്തിരുന്ന് കരഞ്ഞുകൊണ്ടിരിയ്ക്കുകയായിരുന്നു. "എടീ പാർവ്വതി..... " ആ വിളിയ്ക്കു പിന്നാലെ അവൾ പോയി. അത് അവളുടെ അമ്മയായിരുന്നു.



വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത ഒരു പെൺകുട്ടിയുടെ മനസ്സിന്റെ വേദന അമ്മയ്ക്കറിയാമായിരുന്നു. എങ്കിലും അത് പുറത്തു കാണിക്കാതെ മനസ്സു നീറി ആ അമ്മ മകളോടു പറഞ്ഞു. " വാ മോളേ, വന്നു വല്ലതും കഴിയ്ക്ക് ." അതിനവളുടെ മറുപടി മൗനമായിരുന്നു.

കൊടിയ ദാരിദ്ര്യത്തിലാണ് അവളുടെ കുടുംബം. പിതാവ് അവൾക്ക് രണ്ടു വർഷങ്ങൾക്കു മുൻപ് മരിച്ചു പോയി അവളുടെ സഹോദരനായിരുന്നു പിന്നെ അവർക്ക് തുണ. പക്ഷേ, അവൻ ചെയ്യാത്ത കുറ്റത്തിന് കള്ളക്കേസിൽ കുടുങ്ങി ജയിൽ ശിക്ഷ അനുഭവിക്കുകയാണ്. ഇപ്പോൾ അമ്മയുടെ ബീഡി കെട്ടൽ മാത്രമാണ് അവരുടെ ഏക ആശ്രയം.

സഹോദരൻ ജയിലിലാകുന്നതുവരെ അവരുടെ ജീവിതം സന്തോഷം നിറഞ്ഞതായിരുന്നു. അവന് ഒരു കമ്പനിയിൽ നല്ല

ജോലിയുണ്ടായിരുന്നു. എന്നാൽ, കൂടെയുണ്ടായിരുന്ന സുഹൃത്തുക്കൾ തന്നെ അവനെ കള്ളക്കേസിൽ കുടുക്കി.

അങ്ങനെ ഒരു ദിവസം പാർവ്വതി കതക് പൂട്ടിയിരിക്കുകയായിരുന്നു. എത്ര വിളിച്ചിട്ടും അവൾ കതക് തുറക്കുന്നില്ല. അയൽപക്കക്കാരെല്ലാം അവിടെയെത്തി. എല്ലാവരും ചേർന്ന് കതക് തള്ളിത്തുറന്ന് അകത്തു കയറിയപ്പോൾ കണ്ട കാഴ്ച ഇതാണ്. അച്ഛനും സഹോദരനും കൂടെയുണ്ടായിരുന്ന സമയത്ത്, അവർ ആഡംബരത്തോടും സന്തോഷത്തോടും കൂടെ ജീവിച്ചിരുന്ന സമയത്ത് എടുത്ത ഫോട്ടോകൾ അടങ്ങിയ ആൽബം നോക്കി സന്തോഷത്തോടെ മതിമറന്നിരിക്കുന്ന പാർവ്വതി . എല്ലാവരുടെയും കണ്ണുകൾ ഈറനണിഞ്ഞു.



കുറേ നാളുകൾ ഇങ്ങനെ കടന്നു പോയി. ഒരു സുപ്രഭാതത്തിൽ അവർ തങ്ങളുടെ വീടിനെ ലക്ഷ്യമാക്കി ഒരു പോലീസ് ജീപ്പ് വരുന്നതു കണ്ടു. സൂക്ഷിച്ചു നോക്കുമ്പോൾ തന്റെ സഹോദരൻ ദിലീപും പോലീസുകാരോടൊപ്പം ജീപ്പിൽ ഇരിക്കുന്നത് പാർവ്വതി കണ്ടു. ദിലീപിനെ സുഹൃത്തുക്കൾ കള്ളക്കേസിൽ കുടുക്കിയതാണെന്ന് മനസിലാക്കിയ പോലീസ് അവനെ കേസിൽ നിന്നും ശിക്ഷയിൽ നിന്നും ഒഴിവാക്കി വീട്ടിൽ വിടാൻ വന്നതായിരുന്നു.

ദിലീപ് വീണ്ടും ജോലിക്ക് പോകാൻ തുടങ്ങി. അമ്മയുടെയും ദിലീപിന്റെയും ജോലിയിൽ നിന്നു കിട്ടുന്ന വരുമാനത്തിൽ നിന്ന് മിച്ചം വരുന്ന തുക അവർ സൂക്ഷിച്ചു വെച്ചു. പാർവ്വതിക്ക് കല്യാണാലോചനകൾ തുടങ്ങി.

അങ്ങനെയിരിക്കെ ഒരു ദിവസം പാർവ്വതിയെ വിവാഹം കഴിക്കാൻ തയ്യാറായി വളരെ ഉയർന്ന കുടുംബത്തിലെ ഒരു ചെറുപ്പക്കാരൻ എത്തി. വിനീത് എന്നായിരുന്നു ആ ചെറുപ്പക്കാരന്റെ പേര്. അവനെ എല്ലാവർക്കും ഇഷ്ടപ്പെടുകയും പെട്ടെന്നു തന്നെ വിവാഹം നടക്കുകയും ചെയ്തു. ആ കുടുംബത്തിൽ വീണ്ടും സന്തോഷം അലയടിച്ചു. പാർവ്വതിയുടെ അമ്മയെ സ്വന്തം അമ്മയെപ്പോലെ കരുതുന്ന, ദിലീപിനെ സ്വന്തം സഹോദരനെപ്പോലെ കരുതുന്ന വിനീത് ഉത്തമ സ്വഭാവത്തിന്റെ ഉടമയായിരുന്നു. കൊട്ടാരം പോലത്തെ വീട്ടിലായിരുന്നു പിന്നീടങ്ങോട്ടുള്ള അവരുടെ ജീവിതം. ഒരു നാൾ നഷ്ടപ്പെട്ട സന്തോഷം തിരിച്ചു കിട്ടിയതു പോലെ അവർക്കു തോന്നി. അവർ സന്തോഷത്തോടെ ജീവിച്ചു.



ആയിഷത്ത് സഫ്വാന കെ. X B

# ഒരു സ്നേഹയാത്ര

ജീവിതത്തിൽ ഒഴിവാക്കാൻ പറ്റാത്ത ഭാഗമാണല്ലോ വാർദ്ധക്യം. വാർദ്ധക്യത്തിൽ എത്തുന്ന മാതാപിതാക്കൾ നമ്മോടൊപ്പം സുരക്ഷിതരാണോ......... അല്ലെന്ന് തന്നെയാണ് ഉത്തരം. നമ്മുടെ ഈ



പരാജയം സമൂഹത്തിൽ പുതിയ വൃദ്ധസദനങ്ങൾക്ക് രൂപം നൽകുന്നു . ജീവിത സായാഹ്നം സന്തോഷ പ്രദമാകാൻ ആഗ്രഹിക്കാത്തവരുണ്ടോ? നല്ല കാലത്തെ ഓജസ്സും തേജസ്സും കുട്ടികൾക്കു വേണ്ടി ചെലവഴിച്ചവർ ......... ഒരു തെല്ല് സാന്ത്വനം പ്രതീക്ഷിക്കാൻ അവർക്ക് അർഹതയില്ലേ ......? വർദ്ധിച്ചു വരുന്ന വൃദ്ധസദനങ്ങൾ നമ്മോടു പറയുന്നതെന്താണ്........? സമൂഹത്തിലെ ഒരു വിഭാഗത്തെ പരിചയപ്പെടുക എന്ന ഉദ്ദേശത്തോടെ എട്ട് ക്ലാസ് വിദ്യാർത്ഥികൾ നടത്തിയ യാത്രയിലൂടെ ......

വെയിൽ തിളച്ചു രുവിക്കൊണ്ടിരിക്കുന്ന ഒരു പകൽ. വൃദ്ധസദനത്തിലേക്ക് ഒരു ഫീൽഡ് ട്രിപ്പ് എന്നു കേട്ടപ്പോൾ കുട്ടികളുടെ മുഖത്ത് ആശങ്കയായിരുന്നു. അവിടെയെന്ത് എന്ന ഭാവം. പക്ഷേ,

നിമിഷ നേരം മതിയായിരുന്നു ആശങ്കയുടെ കാർമേഘം മാറി സന്തോഷത്തിന്റെ നീലാകാശം വിരിയാൻ. അപ്രതീക്ഷിതമായി ഒത്തു കിട്ടിയ ഒരു യാത്ര ആവോളം ആസ്വദിക്കാൻ എല്ലാവരും തീരുമാനിച്ചു.

കലപില കൂട്ടുന്ന കിളികളെ പോലെ വാ തോരാതെ സംസാരിക്കുകയായിരുന്ന കുട്ടികൾക്ക് പ്രസന്ന ടീച്ചറുടെ silence അലോസരമുണ്ടാക്കിയോ ആവോ? ഇക്കഴിഞ്ഞ വർഷം ഒരു ദിവസം രാവിലെ 10 :30 ന് മൂന്ന് അധ്യാപകരും കുറച്ചു വിദ്യാർത്ഥികളും അടങ്ങുന്ന ആദ്യ ബാച്ച് വൃദ്ധസദനത്തിലേയ്ക്ക് യാത്രയായി.

പരവനടുക്കത്ത് സ്ഥിതി ചെയ്യുന്ന വൃദ്ധസദനത്തിലേക്കുള്ള ഈ കൊച്ചു യാത്രയിൽ മനസ്സിൽ കാര്യമായിട്ടൊന്നും ഇല്ലായിരുന്നു. പോയി പെട്ടെന്നു തന്നെ തിരിച്ചു വരാം എന്നൊരു ചിന്ത മാത്രം. പക്ഷേ, തിരിച്ചു വരുമ്പോൾ മനസ്സിൽ ചിന്തകളുടെ വേലിയേറ്റമായിരുന്നു. ശരിയായത് ചെയ്തതിന്റെ ചാരിതാർത്ഥ്യം മനസിൽ നിറഞ്ഞു. ഒരു പുതിയ അനുഭവത്തിന്റെ ബാലപാഠം പകുത്തു കൊടുക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യം.



1996 ഡിസംബർ 24 ന് അംഗീകാരം ലഭിച്ച വൃദ്ധസദനം 1997-ൽ പ്രവർത്തനം ആരംഭിച്ചു. ആദ്യം ചെറുവത്തൂരിൽ സ്ഥിതി ചെയ്തിരുന്ന ഈ മന്ദിരം രണ്ട് വർഷമേ ആയുള്ളൂ പരവനടുക്കത്ത്


പ്രവർത്തനം ആരംഭിച്ചിട്ട്. ഇപ്പോൾ 45 പേരാണ് ഇവിടെ ഉള്ളത്. 25 സ്ത്രീകളും 20 പുരുഷൻമാരും. ഒരു കുടുംബം പോലെ അവർ ഇവിടെ ജീവിക്കുന്നു.

കാസറഗോഡ് നിന്നുള്ള ചില സന്നദ്ധ സംഘടനകളും അവർക്ക് സഹായം എത്തിക്കുന്നുണ്ട്. രാവിലെ 6 മണിക്ക് പ്രാർത്ഥനയോടെ തുടങ്ങുന്ന ദിനചര്യ രാത്രി 9 മണിക്കുള്ള ഭക്ഷണത്തോടെ അവസാനിക്കുന്നു. വ്യക്തി ശുചീകരണം, കൃഷിപ്പണി, ഭക്ഷണം, പ്രാർത്ഥന, വിനോദങ്ങൾ എന്നിവയൊക്കെ ദിനചര്യയുടെ ഭാഗങ്ങളാണ്. ടി.വി. , കാരംസ്, ചെസ് എന്നിവ കൂടാതെ ഗാർഡനിങ്ങിലും കൃഷിപ്പണിയിലും താൽപര്യമുള്ളവർ പങ്കുചേരുന്നു.


എങ്കിലും മനസിൽ ഒരു ദു:ഖം തങ്ങി നിൽക്കുന്നു. ഇനിയും ഇങ്ങനെയുള്ള വൃദ്ധസദനങ്ങൾ ഉണ്ടാവരുതേ എന്ന് ആഗ്രഹിക്കുന്നു. മാതാപിതാക്കളുടെ മാഹാത്മ്യം മനസിലാക്കാനും അവരെ നന്നായി പരിചരിക്കാനും എല്ലാ മക്കൾക്കും കഴിഞ്ഞിരുന്നെങ്കിൽ എന്നും ആഗ്രഹിക്കുന്നു.

സെയ്ഫുന്നിസ എസ്


X A




അഹമ്മദ് റഹീസ്



കദീജത്ത് ജഫ്ന




ഫാത്തിമത്ത് അഫ്റ



ജിജി വി
എൽ പി എസ് എ

# ഉണ്ടനും ഉണ്ടിയും

ഗ്രാമത്തിലെ ഒരു ചെറിയ വീട്ടിലായിരുന്നു ഉണ്ടനും ഉണ്ടിയും താമസിച്ചിരുന്നത്. ഉണ്ടി ഒരു കൊതിച്ചിപ്പാറു ആയിരുന്നു. ഉണ്ടൻ വെറും മടിയനും. ഒരു ദിവസം രാവിലെ ഉണ്ടി എഴുന്നേറ്റപ്പോൾ അയൽപക്കത്തുനിന്നും നല്ല ഉണ്ണിയപ്പത്തിന്റെ മണം. ഉണ്ടി വേഗം ഉണ്ടനെ വിളിച്ചെഴുന്നേൽപിച്ചു. എന്നിട്ട്



പറഞ്ഞു. അയലത്തെ വീട്ടിൽ നിന്നും നല്ല ഉണ്ണിയപ്പത്തിന്റെ മണം. നമുക്കും ചുട്ടാലെന്താ? മടിയനായ ഉണ്ടൻ പറഞ്ഞു. "ഇന്ന് ഏതായാലും വേണ്ട." ഉണ്ടിയ്ക്ക് മണം സഹിക്കാൻ പറ്റിയില്ല. അവൾ വാശി പിടിച്ചു. അപ്പോൾ ഉണ്ടൻ പറഞ്ഞു. "എന്നാൽ നമുക്ക് ആ വീട്ടിൽ പോയി നോക്കാം. രണ്ടെണ്ണം കിട്ടാതിരിക്കില്ല." ഉണ്ടി പറഞ്ഞു. " രണ്ടെണ്ണമോ? അതൊന്നും പോരാ. എനിയ്ക്കുമറിയാം ഉണ്ണിയപ്പം ഉണ്ടാക്കാൻ. നിങ്ങൾ വേഗം കാട്ടിൽ പോയി വിറക ശേഖരിച്ചു വരൂ. ഞാൻ കടയിൽ പോയി സാധനങ്ങൾ വാങ്ങി വരാം. " എന്നാൽ മടിയനായ ഉണ്ടൻ പറഞ്ഞു. " അതു പറ്റില്ല. നമുക്ക് ഒരുമിച്ചു പോയി വിറക ശേഖരിക്കാം. എന്നിട്ട് നീ കടയിൽ പോയാൽ മതി." കൊതിച്ചിയായ ഉണ്ടി പറഞ്ഞു. "എന്നാൽ ശരി,

വേഗം പോവാം ." ഉണ്ടനും ഉണ്ടിയും കാട്ടിൽ പോയി കണ്ണിൽ കണ്ട ചുള്ളികളെല്ലാം  വാരിക്കൂട്ടി രണ്ട് വലിയ കെട്ടുകളാക്കി. ഉണ്ടിയുടെ തലയിൽ ഉണ്ടൻ ഒരു കെട്ട് വെച്ചു കൊടുത്തു. അപ്പോൾ ഉണ്ടന്റെ തലയിൽ ആര് വിറകുകെട്ട് വെച്ചു കൊടുക്കും? അവർ ആലോചിച്ചു നിൽക്കുന്ന സമയത്ത് പെട്ടെന്ന് ഒരു പുലി അങ്ങോട്ടേയ്ക്ക് പാഞ്ഞു വന്നു. ഉണ്ടനും ഉണ്ടിയും പേടിച്ചു പോയി. പെട്ടെന്ന് ഉണ്ടിയ്ക്ക് ഒരു ഉപായം തോന്നി. അവൾ പറഞ്ഞു. " പുലിച്ചേട്ടാ, ഞങ്ങൾ നല്ല രുചിയുള്ള ഉണ്ണിയപ്പം ഉണ്ടാക്കാനാണ് ഈ വിറകും ശേഖരിച്ചു പോകുന്നത് . ഞങ്ങളെ വെറുതെ വിട്ടാൽ ചേട്ടന് പത്ത് ഉണ്ണിയപ്പം തരാം. ഒരു സഹായം കൂടി ചെയ്തു തരണം. ഉണ്ടന്റെ തലയിൽ വിറകുകെട്ടും വെച്ചു കൊടുക്കണം." പുലി ഉണ്ടന്റെ തലയിൽ വിറക് വെച്ചു കൊടുത്തു. സന്ധ്യയാകുന്ന സമയത്ത് വീട്ടിലേയ്ക്കു വരണം എന്ന് പുലിയെ ക്ഷണിച്ചിട്ട് അവർ പോയി. ഉണ്ടി കടയിൽ പോയി അരിയും ശർക്കരയും തേങ്ങയും നെയ്യുമൊക്കെ വാങ്ങി വന്ന് ഉണ്ണിയപ്പം ഉണ്ടാക്കി. ആകെ 20 എണ്ണം. ഉണ്ടൻ പറഞ്ഞു. 10 എണ്ണം പുലിയ്ക്ക് . പിന്നെയും ഉണ്ടല്ലോ പത്തെണ്ണം. അഞ്ചെണ്ണം നിനക്ക്. അഞ്ചെണ്ണം എനിയ്ക്ക് . അവർ വേഗം തിന്നു. അപ്പോൾ ഉണ്ടി പറഞ്ഞു. "പുലി തലയിൽ വിറകുകെട്ട് വെച്ചു തന്നതല്ലേ യുള്ളൂ. അതിന് രണ്ടെണ്ണം മതി." ഉണ്ടൻ പറഞ്ഞു. "അതു മതി" എന്നിട്ട് അവർ വീണ്ടും തിന്നാൻ തുടങ്ങി. ബാക്കി ആകെ രണ്ടെണ്ണം.

കൊതിച്ചിയായ ഉണ്ടി ഉണ്ടനറിയാതെ ഒരെണ്ണം കൂടി തട്ടിയെടുത്തു. ബാക്കി ഉണ്ടായിരുന്ന ഒരെണ്ണം ഉണ്ടിയറിയാതെ ഉണ്ടനും തിന്നു. നേരം സന്ധ്യയായി . ഉണ്ടനും ഉണ്ടിയും പേടിച്ചു വിറയ്ക്കാൻ തുടങ്ങി. അവർ ഒരു സൂത്രം പ്രയോഗിച്ചു. പുലി വരുന്ന വഴിയിൽ ഒരു കിണറുണ്ട്. ആ കിണറിന്റെ പടി നിറയെ അവർ എണ്ണ ഒഴിച്ചു വെച്ചു. പുലി വന്നപ്പോൾ എണ്ണയിൽ തെന്നി കിണറിനുള്ളിലേയ്ക്ക് വീണു പോയി. തട്ടിൻപുറത്ത് ഒളിച്ചിരുന്ന ഉണ്ടൻ പറഞ്ഞു. " ഉണ്ടീ, നമ്മുടെ വിദ്യ ഫലിച്ചു ." അവർ പുലിയെ കാണാനായി താഴേയ്ക്ക് കുതിച്ചു. കിണറിന്റെയടുത്തേയ്ക്ക് ഓടിയടുത്തു. എണ്ണയിൽ വഴുക്കി രണ്ടു പേരും കിണറ്റിൽ വീണു. ഈ കഥയിൽ ഒരു ഗുണപാഠം ഉണ്ട്. താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും.



മറിയം സഫ എ.

VI A

# വിദ്യാലയം



അമ്മ തൻ കൈ പിടിച്ചാദ്യമായി

പടികൾ എണ്ണിക്കയറിയതും

നാലു ചുവരുകളാൽ ചുറ്റപ്പെട്ട

പെട്ടിക്കുള്ളിൽ കയറാൻ വിസമ്മതിച്ചതും

അപരിചിതമായ ഒട്ടേറെ മുഖങ്ങൾ കണ്ടതും

ഇന്നീ വിദ്യാലയ പടികൾ ഇറങ്ങുമ്പോൾ

ഞാനറിയാതെ ഓർത്തു പോയ്

ആദ്യമായ് ഞാൻ കണ്ട അപരിചിത മുഖങ്ങൾ

ഇന്നെൻ നെഞ്ചിൽ കുരുങ്ങി താളമടിക്കുന്നു

വേർപാടിൻ ദു:ഖം തരുന്ന താളങ്ങൾ

കയറാൻ ഇഷ്ടമില്ലാതെ കയറിയതും

ഇറങ്ങാൻ ഇഷ്ടമില്ലാതെ ഇറങ്ങിയതും

ഞാനെൻ വിദ്യാലയത്തിൽ മാത്രമാണ്

ശിക്ഷണവും നൻമയും പകർന്നു തന്ന അധ്യാപകർ

ഇന്നീ അവസാന നിമിഷം എൻ കൺകണ്ട ദൈവമാകുന്നു

ഓർക്കാൻ ഇനിയെന്നുണ്ടി ജൻമം

അത് വിദ്യാലയം മാത്രമാകുന്നു

വിദ്യാലയം പകർന്നു തന്ന അനുഭവങ്ങൾ




ഷിംന പി.ജെ. X A

# ദുർമന്ത്രവാദിനിയുടെ വീട്

പണ്ട് ഒറീസയിലെ ഒരു ഗ്രാമത്തിൽ ഒരു കർഷകനും ഭാര്യയും ജീവിച്ചിരുന്നു. അവർക്ക് മക്കളുണ്ടായിരുന്നില്ല. ഒരു ദിവസം കർഷക ഭാര്യ ആറ്റിൻ കരയിലെ മാവിൽ നിന്നും മാമ്പഴം കല്ലു കൊണ്ടെറിഞ്ഞ് പറിക്കുകയായിരുന്നു. പെട്ടെന്ന് മഞ്ഞ നിറത്തിലുള്ള മുത്തു പോലുള്ള ഒരു മാമ്പഴം താഴേക്കു വീണു. ഇതു കണ്ട കർഷക ഭാര്യ പറഞ്ഞു. " ഇതു പോലൊരു മകൾ എനിക്കുണ്ടായിരുന്നെങ്കിൽ " ഏറെ വൈകാതെ അവൾ ഗർഭിണിയാവുകയും തുടർന്ന് അതിസുന്ദരിയായ ഒരു പെൺകുഞ്ഞ് ജനിക്കുകയും ചെയ്തു കുഞ്ഞിന് മല്ലിക എന്ന പേര് നൽകി. പതിയെ പതിയെ മല്ലിക വലുതാകാൻ തുടങ്ങി. ഏക മകളുടെ ഏതൊരാവശ്യവും അച്ഛനും അമ്മയും നിറവേറ്റിക്കൊടുത്തു. മല്ലികയ്ക്ക് വിവാഹപ്രായമായപ്പോൾ ധാരാളം വിവാഹാലോചനകൾ വന്നു തുടങ്ങി. അപ്പോൾ അവൾ പറഞ്ഞു. അച്ഛാ, ബുദ്ധിമാനായ ഒരാളെ മാത്രമേ ഞാൻ ഭർത്താവായി സ്വീകരിക്കൂ. അതിനാൽ എന്നെ വിവാഹം കഴിക്കാൻ ആഗ്രഹമുള്ളവരോട് നാളെ നമ്മുടെ വീട്ടിൽ വരാൻ പറയുക. ഞാൻ ചോദിക്കുന്ന അഞ്ച് ചോദ്യങ്ങൾക്കും കൃത്യമായ ഉത്തരം പറയുന്നവനായിരിക്കും എന്റെ വരൻ. കർഷകൻ തന്റെ മകൾക്ക് അനുയോജ്യരെന്ന് കരുതിയ ഇരുപതു പേരെ വീട്ടിലേക്ക് ക്ഷണിച്ചു.

മല്ലികയെ കാത്ത് അവർ ഇരുന്നു. അച്ഛൻ മല്ലികയെ വിളിച്ചു സുന്ദരിയായ മല്ലികയെ കണ്ടപ്പോൾ തന്നെ ഓരോരുത്തരും മനസ്സിൽ ഉറപ്പിച്ചു. ഇവളെ ഞാൻ തന്നെ കല്യാണം കഴിക്കും. മല്ലിക പറഞ്ഞു. ഞാൻ മുൻപേ പറഞ്ഞതു പോലെ അഞ്ചു ചോദ്യങ്ങൾ ചോദിക്കുകയാണ്. ഒന്നാമത്തെ ചോദ്യം ഇതാണ്. ഞാൻ നിങ്ങളിൽ ആരെയാവും വിവാഹം കഴിക്കുക? കൂടുതൽ പേരും അവരവരുടെ പേരുകൾ എഴുതിയിരിക്കുന്നതായി കണ്ട മല്ലിക അവരോടു ചോദിച്ചു. ഇതിൽ നിന്നും വ്യത്യസ്ഥമായ ഉത്തരം ആരെങ്കിലും എഴുതിയിട്ടുണ്ടോ? രണ്ടു കൈകൾ ഉയർന്നു. ഒരാൾ പറഞ്ഞു. ഞാൻ എന്റെ പേരിനോടൊപ്പം മേൽവിലാസം കൂടി എഴുതിയിട്ടുണ്ട്. രണ്ടാമൻ പറഞ്ഞു. ഞാൻ എഴുതിയ ഉത്തരം ഇതാണ്. "ഭവതി ചോദിക്കുന്ന അഞ്ചു ചോദ്യങ്ങൾക്കും ശരിയുത്തരം പറയുന്ന ആളെയായിരിക്കും ഭവതി വരനായി തെരഞ്ഞെടുക്കുന്നത്. " മല്ലിക ഈ ഉത്തരത്തിൽ തൃപ്തയായി. പിന്നീടു ചോദിച്ച നാല് ഉത്തരങ്ങൾക്കും ഈ യുവാവ് തന്നെയാണ് ശരിയുത്തരം നൽകിയത്. അധികം താമസിയാതെ ശിവനും മല്ലികയുമായുള്ള വിവാഹം ആർഭാടമായി നടന്നു. അവർക്ക് ഒരു ആൺകുട്ടിയും പെൺകുട്ടിയും ജനിച്ചു. ലൂയി എന്ന മിടുക്കനും നന്ദിനി എന്ന സുന്ദരിക്കുട്ടിയും എന്നാൽ ആ സന്തോഷം അധികനാൾ നീണ്ടു നിന്നില്ല. മല്ലികയ്ക്ക് ഒരു മാറാവ്യാധി പിടിപെടുകയും അവൾ മരിക്കുകയും ചെയ്തു.

എന്നാൽ മരിക്കുന്നതിനു മുൻപ് അവൾ ലൂയിയ്ക്ക് ഒരു മനോഹരമായ വജ്രമോതിരം കൊടുത്തിട്ട് പറഞ്ഞു. " ഇത് എപ്പോഴും നിന്റെ കൈയിൽ ധരിക്കണം. നിനക്ക് അവശ്യ സന്ദർഭങ്ങളിൽ ഇത് ഉപകാരപ്പെടും."

മല്ലികയുടെ മരണശേഷം കുറേ നാളുകൾ കടന്നു പോയി. ശിവൻ രണ്ടാമതും വിവാഹം കഴിച്ചു. എന്നാൽ ഈ സ്ത്രീ വൈകാതെ തന്നെ ലൂയിയോടും നന്ദിനിയോടും വളരെ പരുഷമായി പെരുമാറാൻ തുടങ്ങി. രണ്ടാം ഭാര്യയുടെ പ്രവർത്തികളെയും പെരുമാറ്റത്തെയും ആദ്യമൊക്കെ ശിവൻ എതിർത്തു. എന്നാൽ തന്റെ പൊന്നുമക്കളെ വീട്ടിൽ നിന്നും ഇറക്കി വിടണമെന്നുള്ള തന്റെ ഭാര്യയുടെ നിർബന്ധത്തിനു മുൻപിൽ അയാൾക്ക് മുട്ടുമടക്കേണ്ടി വന്നു. ശിവൻ തന്റെ മക്കളെ കാടിന്റെ നടുവിൽ കൊണ്ടു. വഴിയറിയാതെ ലൂയിയും നന്ദിനിയും വിഷമിച്ചു. അവർ മുന്നോട്ടു നടന്നു. വിശപ്പും ദാഹവും സഹിക്കാൻ വയ്യാതെ അവർ കാട്ടുപഴങ്ങൾ പറിച്ചു കഴിക്കുകയും കാട്ടരുവിയിലെ വെള്ളം കുടിക്കുകയും ചെയ്തു. ഒരു മരത്തണലിൽ കിടന്നുറങ്ങി. കുറച്ചു നേരം കഴിഞ്ഞ് ഒരു സുന്ദരമായ ശബ്ദം കേട്ട് അവർ ഉണർന്നു. എന്താണത്? എവിടെ നിന്നാണ് ഈ നാദം? അവർ ചുറ്റും നോക്കി. അതാ, മരത്തിന്റെ മുകളിലത്തെ ഒരു ചില്ലയിൽ സ്വർണ നിറത്തിലുള്ള ഒരു കിളി . പെട്ടെന്ന് അത് പറക്കാൻ തുടങ്ങി. ലൂയിയും



നന്ദിനിയും അതിന്റെ പിന്നാലെ ഓടി. അത് ഒരു വീടിന്റെ മേൽക്കൂരയിൽ ചെന്നിരുന്നു. പെട്ടെന്നാണ് അവർ ആ കാഴ്ച കണ്ടത്. ആ വീട് രുചികരമായ ഭക്ഷണ സാധനങ്ങൾ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. രണ്ടു പേരും കൂടി അവ തിന്നാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ ആ വീടിന്റെ വാതിൽ തുറന്ന് വിചിത്ര വേഷധാരിയായ ഒരു മുത്തശ്ശി ഇറങ്ങി വന്നു. കുട്ടികളുടെ വിഷമങ്ങൾ ചോദിച്ചറിഞ്ഞ മുത്തശ്ശി അവരെ സ്നേഹത്തോടെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. വീടിനകത്തെ കാഴ്ചകൾ കണ്ട് അവർ അത്ഭുതപ്പെട്ടു. എവിടെയും ഒരു പ്രത്യേക സുഗന്ധം. വീടിനുള്ളിൽ പലയിടത്തും അമൂല്യ രത്നങ്ങൾ . ലൂയിക്കും നന്ദിനിക്കും ഉറങ്ങാൻ മുത്തശ്ശി മനോഹരമായ ഒരു മുറി കൊടുത്തു. ക്ഷീണം കാരണം അവർ വേഗം തന്നെ ഉറങ്ങി.

പാതിരാവായപ്പോൾ ആരോ തന്നെ വലിച്ചുകൊണ്ടു പോവുന്നതായി ലൂയിക്കു തോന്നി. ആ കാഴ്ച കണ്ട് ലൂയി ഭയന്നു പോയി. മുത്തശ്ശിയ താ, ഒരു ഭീകരരൂപത്തിൽ അമാനുഷിക ശക്തിയോടെ തന്നെ വലിച്ചു കൊണ്ടു പോകുന്നു. മുത്തശ്ശി അവനെ വലിച്ചുകൊണ്ടു പോയി ഉയരത്തിൽ കെട്ടിയിട്ടിരിയ്ക്കുന്ന ഒരു ഇരുമ്പു കൂട്ടിൽ അടച്ചു. അതിനു താഴെ തീവ്രമായി ഗർജ്ജിക്കുന്ന തീയും കൂട്ടിയിരിക്കുന്നു. ഇത് നരഭോജിയായ ഏതോ ദുർമന്ത്രവാദി തന്നെ.



ലൂയിക്കു മനസിലായി. അവന് തന്റെ അമ്മയെ മനസിലോർത്തപ്പോൾ ഒരു ഉപായം തോന്നി. അവൻ ഉറക്കെ വിളിച്ചു പറഞ്ഞു. മുത്തശ്ശീ, എനിക്ക് ഒരു സഹായം മാത്രം ചെയ്തു തരാമോ? എന്റെ അമ്മ തന്ന ഒരു രത്നമോതിരം എന്റെ 'കൈയിലുണ്ട്. അത് ഊരി എന്റെ അനിയത്തിക്ക് കൊടുക്കാമോ? രത്നമോതിര മോ? മുത്തശ്ശി മറ്റൊന്നും ചിന്തിക്കാതെ ആ കൂട്ടിലേക്കു കയറി. ലൂയിയുടെ വിരലിൽ നിന്ന് മോതിരം ഊരാൻ തുടങ്ങി. പക്ഷേ, എത്ര ശ്രമിച്ചിട്ടും മോതിരം ഊരാൻ പറ്റുന്നില്ല. ഈ തക്കത്തിന് ലൂയി വേഗം കുതറിയോടി കൂടിനു പുറത്തെത്തുകയും കൂട് പുറത്തു നിന്ന് പൂട്ടുകയും ചെയ്തു. ദുഷ്ടയായ ആ മുത്തശ്ശി അവിടെക്കിടന്ന് വെന്തുമരിച്ചു. അവിടെയുണ്ടായിരുന്ന രത്നങ്ങളിൽ കുറച്ച് എടുത്ത്  അവർ ആ കാട്ടിൽ നിന്ന് രക്ഷപെട്ടു. പിന്നീടുള്ള കാലം അവർ സുഖമായി ജീവിച്ചു.




ഫിദ ഫാത്തിമ കെ. എ

VI A

# ഗണിത പഠനം രസകരമാക്കാം


എന്തു പഠിക്കുന്നു എന്നതിലുപരി എങ്ങനെ പഠിക്കുന്നു എന്നുള്ളതാണ് പ്രധാനം. ഒരു വിഷയവും കാണാതെ പഠിക്കരുത്. പ്രത്യേകിച്ചും ഗണിത ശാസ്ത്രം. കണക്കു പഠിക്കാനിരിക്കുമ്പോൾ ഒരു പുസ്തകവും പേനയും കരുതുക. വരയ്ക്കേണ്ടത് വരച്ചു തന്നെ പഠിക്കുക. ക്രിയ ചെയ്യേണ്ടിടത്ത് ചെയ്തു നോക്കുക.




ചിന്തയും ഭാവനയും ഉണർന്നെങ്കിലെ ഗണിതപഠനം നടക്കൂ. വൃത്തം ഒരു വാക്കല്ല, രൂപമാണ്. ചതുരം, സമചതുരം, സിലിണ്ടർ, സ്തൂപിക എന്നൊക്കെ കേൾക്കുമ്പോൾ ആ രൂപങ്ങൾ മനസിൽ വരണം.

മലയാളവും ഇംഗ്ലീഷും പോലെ ഗണിതവും ഒരു ഭാഷയാണ്. വാക്കുകൾക്കു പകരം ചിഹ്നങ്ങളും രൂപങ്ങളും ഒക്കെയാണ് ആ ഭാഷയുടെ അടിസ്ഥാനം. അതുകൊണ്ടാണ് Mathematics is a symbolic language എന്നു പറയുന്നത്. യുക്തിയാണ് ഗണിതം. രണ്ടു സംഖ്യകൾ തമ്മിൽ

കൂട്ടിയാൽ അവ ഓരോന്നിനേക്കാളും വലിയ സംഖ്യ കിട്ടണം, അല്ലേ? ഉദാ: 4+3= 7. നാലിനേക്കാളും മൂന്നിനേക്കാളും വലുതാണ് 7 . എന്നാൽ, -2 ഉം - 3 ഉം കൂടി കൂട്ടി നോക്കുക. - 5 കിട്ടും. -2,- 3 ഇവ ഓരോന്നിനേക്കാളും ചെറുതാണ് - 5. '




ഉത്തരം കിട്ടുന്നതല്ല, അതിനു വേണ്ടിയുള്ള പരിശ്രമമാണ് ഗണിതപഠനം. ഉത്തരം കണ്ടെത്താനുള്ള അന്വേഷണത്തിൽ വെട്ടിയും തിരുത്തിയുമുള്ള ആ മുന്നേറ്റമുണ്ടല്ലോ, അതാണ് ഗണിതത്തിന്റെ വഴി.

അഹമ്മദ് കബീർ റിഫായി

IX A

# എന്റെ കുടുംബം

വീട്ടിലുണ്ട് കാത്തിരിക്കാൻ
എന്നമെന്റെ അമ്മ
ചോറും കറികളുമൊപ്പം
സ്നേഹവും നൽകുമെന്നമ്മ
വേണ്ടതെല്ലാം വാങ്ങിത്തരാൻ
അച്ഛനുണ്ട് വീട്ടിൽ
പാട്ടു പാടാൻ വീട്ടിലുണ്ട്
എന്റെ സ്വന്തം ചേച്ചി
എന്റെ കൂടെ കൂട്ടുകൂടാൻ
വീട്ടിലുണ്ട് ചേട്ടൻ
ചേർത്തിരുത്തി കഥ പറയാൻ
എന്റെ സ്വന്തം അമ്മൂമ്മ
എന്നമെന്നും മുറുക്കാൻ തിന്നും
എന്റെ സ്വന്തം അപ്പൂപ്പൻ
ഞാനുമൊത്ത് ചേർന്നിടുമ്പോൾ
സ്വർഗ്ഗമാണ് വീട്



സഹദ
VII B






**അൽക്ക V B**

# മാതാ പിതാ

നിദ്രയിൽ നിന്നും ഉണർന്ന രാഹുൽ താൻ എവിടെയാണെന്ന് ഒരു നിമിഷം ചിന്തിച്ചു. താൻ തന്റെ സ്ക്രൂളിലാണെന്ന് അവൻ മനസിലാക്കി. ചുറ്റിലും കുറേ ആളുകളുണ്ട്. പക്ഷേ, അവന് ഒന്നും മനസിലാകുന്നില്ല. ഓർമ്മകൾ അവനെ സങ്കടപ്പെടുത്തി. അവൻ ആ സ്ക്രൂൾ വരാന്തയിൽ പൊട്ടിക്കരഞ്ഞു.

തെക്കേക്കാട് വീട്ടിൽ വിശ്വനാഥന്റെയും ശാരദാമ്മയുടെയും ഏകമകനായിരുന്നു രാഹുൽ. സ്ക്രൂൾ കാലഘട്ടത്തിൽ കലാ-കായിക രംഗത്ത് അവൻ മിടുക്കനായിരുന്നു. അതു കൊണ്ടു തന്നെ അവന്റെ ആഗ്രഹങ്ങൾക്ക് ചിറകുവെച്ചു കൊടുക്കുക എന്നത് വിശ്വനാഥന്റെയും ശാരദാമ്മയുടെയും ദൗത്യമായിരുന്നു. അവർ അത് ഭംഗിയായി നിർവഹിച്ചു. അങ്ങനെ ആഗ്രഹിച്ച തൊഴിൽ താൻ ആഗ്രഹിച്ച കമ്പനിയിൽ തന്നെ അവന് ലഭിച്ചു.

അവൻ ഇന്ന് വലിയ ഒരാളായി മാറിക്കഴിഞ്ഞിരിക്കുന്നു. ജീവിതത്തിന്റെ മൂല്യം മനസിലാക്കാൻ പറ്റുന്ന പക്വത എത്തിയ ഒരു പുരുഷനായി അവൻ മാറിക്കഴിഞ്ഞു. വിവാഹ പ്രായമായപ്പോൾ അച്ഛനും അമ്മയും തന്നെ അവന് അനുയോജ്യയായ വധുവിനെ കണ്ടു പിടിച്ചു.

വിവാഹ ശേഷം കുറച്ചു നാളത്തെ അവധിക്കു ശേഷം ഏറെ വേദനയോടെ അവൻ വീണ്ടും പ്രവാസ ലോകത്തേക്ക് യാത്രയായി. നാളുകൾ നീണ്ടു പോയി. ഒരു വർഷം കഴിഞ്ഞു.അങ്ങനെ ഒരു വർഷത്തിനു ശേഷം അവൻ നാട്ടിലേക്ക് മടങ്ങി. ഏറെ വൈകാതെ, താൻ ഒരു അച്ഛനാവാൻ പോകുന്നു എന്ന വാർത്ത അവനെ സന്തോഷിപ്പിച്ചു. എന്നാൽ, അതോടൊപ്പം ഒരു ദു:ഖവും അവന് ഉണ്ടായി. ഒരു ദിവസം ഭാര്യ രാഹുലിനോട് പറഞ്ഞു. "ഏട്ടന്റെ അച്ഛനും അമ്മയും ഇവിടെ വലിയ സ്വൈര്യക്കേടാണ് " അവൾ ഇങ്ങനെ പറയുമെന്ന് അവൻ സ്വപ്നത്തിൽ പോലും വിചാരിച്ചില്ല. വാർധക്യത്തിൽ എത്തി നിൽക്കുന്ന തന്റെ അച്ഛന്റെയും അമ്മയുടെയും അസുഖങ്ങളും ശാരീരികമായ അസ്വസ്ഥതകളുമാണ് തന്റെ ഭാര്യയുടെ സ്വൈരക്കേടെന്ന് രാഹുലിന് വേഗം തന്നെ മനസിലായി. എങ്കിലും ഭാര്യയുടെ നിർബന്ധം സഹിക്കാനാവാതെ അവൻ അച്ഛന്റെയും അമ്മയുടെയും കൈപിടിച്ച് വീട്ടിൽ നിന്നിറങ്ങി അവരെ വൃദ്ധസദനത്തിലാക്കി. അവരെ അവിടെയാക്കി തിരിച്ചു പോകുന്ന നേരത്ത് അവൻ അവരുടെ മുഖത്ത് നോക്കി. പ്രതീക്ഷയോടെ രണ്ടു മുഖങ്ങൾ. ചെറുപ്പത്തിൽ കുട്ടികളെ സ്ക്കൂളിലാക്കുമ്പോൾ അവരെ തിരിച്ചു കൊണ്ടുപോകാൻ അമ്മ വരുന്നത് പ്രതീക്ഷിക്കുന്നതു പോലെ ആ അച്ഛനും അമ്മയും സ്വന്തം മകൻ വരുന്നത് പ്രതീക്ഷിക്കുന്നു.

കുറച്ചു നാളുകൾക്കു ശേഷം രാഹുൽ ഗൾഫിലേക്ക് പോയി. അടുത്ത വരവിൽ തന്റെ വീട്ടിൽ ഒരു കുഞ്ഞതിഥി കൂടെ ഉണ്ടാവുമല്ലോ എന്നോർത്ത് അവൻ ഏറെ സന്തോഷവാനായി. മാസങ്ങൾക്കു ശേഷം തമിഴ്നാട്ടിലെ ഒരു സുഹൃത്തിന്റെ കല്യാണത്തിന് അവൻ ഇന്ത്യയിലേക്ക് വന്നു. തമിഴ്നാട്ടിലെ കല്യാണത്തിനു ശേഷം നേരെ വീട്ടിലേക്കു കൂടി പോകണം എന്ന് അവൻ തീരുമാനിച്ചു.

കല്യാണാഘോഷത്തിനിടയിലാണ് ആ വാർത്ത അവൻ കേൾക്കുന്നത്. ആരും വിളിക്കാതെ എത്തിയ അതിഥി പ്രളയ ദുരന്തം നാടിനെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന വാർത്ത. അവൻ എങ്ങനെയൊക്കെയോ നാട്ടിലെത്തി. തന്റെ വീട് എവിടെയാണെന്ന് പോലും അവന് മനസിലാക്കാൻ പറ്റിയില്ല. രക്ഷാപ്രവർത്തനത്തിന് നേതൃത്വം കൊടുത്തു കൊണ്ടിരുന്ന ഒരു സുഹൃത്ത് അവനോട് പതുക്കെ പറഞ്ഞു. "വെള്ളം വീടിനകത്ത് കയറിയപ്പോൾ നിന്റെ ഭാര്യ ഒറ്റക്കായിരുന്നു. വീടിന്റെ കോണിപ്പടികൾ കയറാൻ അവൾക്കു പറ്റിയില്ല. വെള്ളം കൊണ്ടുപോയ നൂറോളം പേരിൽ ഒരാൾ നിന്റെ ഭാര്യ ആയിരുന്നു. " ഇതു കേട്ടതും അവൻ ബോധരഹിതനായി നിലത്തു വീണു. ബോധം വീണ്ടു കിട്ടിയപ്പോൾ താൻ എവിടെയാണെന്ന് രാഹുൽ ചിന്തിച്ചു. താൻ പഠിച്ച സ്കൂളിന്റെ വരാന്തയിലാണ് താൻ കിടക്കുന്നത് എന്ന് അവനു മനസിലായി. ദുഃഖത്താൽ അവൻ അവിടെയിരുന്ന്

പൊട്ടിക്കരഞ്ഞു.

ഒരാൾ വന്ന് അവനെ എഴുന്നേൽപിച്ചു. "വാ, ഭക്ഷണം കഴിക്കാം." അവൻ ഒരു ബെഞ്ചിൽ ഇരുന്നു. അവന് ഭക്ഷണം കഴിക്കാൻ പറ്റിയില്ല. അവൻ വീണ്ടും കരയുകയാണ്. " കരയല്ലേ മോനേ " തൊട്ടടുത്തിരുന്ന ആൾ അവനോടു പറഞ്ഞു. അവൻ ആ മുഖത്തേക്കു നോക്കി. അയാളെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു. കാരണം അത് അവന്റെ അച്ഛനായിരുന്നു.

ഉബൈദ് സി.എ

X B

# ആഘോഷങ്ങളിലൂടെ










ഹൈടെക് ക്ലാസ് റൂം ഉദ്ഘാടനം


ഹിരോഷിമ ദിനം


സ്വാതന്ത്ര്യദിനാഘോഷം




സ്കൂൾ കലോൽസവം


ചാന്ദ്രദിനം


ചാന്ദ്രദിനവിശേഷങ്ങൾ
Chandradina Pathipp-2018
LUNA
2018 - 2019


നവകേരളനിർമ്മിതി - ചിത്രരചന


നവകേരളനിർമ്മിതി സൃഷ്ടികൾ


സ്കൂൾ കായികോൽസവം


അധ്യാപകദിനം

# ലിറ്റിൽ കൈറ്റ്സ് 2018-19

# ജി. എച്ച്. എസ്. എസ് ആലംപാടി



# കൃതജ്ഞത

മലർവാടി എന്ന ഡിജിറ്റൽ മാഗസിൻ യാഥാർഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ ശാന്ത ടീച്ചർക്കും, ജ്യോതി ടീച്ചർക്കും, യൂസഫ് സാറിനും ഒരായിരം നന്ദി......

നിസാമുദ്ദീൻ പി. എ
സ്റ്റുഡന്റ് എഡിറ്റർ